## പൊതു വിദ്യാഭ്യാസ ഡയറക്ട്രേറ്റിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ഉത്തരവ്

**വിഷയം:** പൊതു വിദ്യാഭ്യാസം – ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ടുമാരുടെ സ്ഥാനകയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

**പരാമർശം:**
1. 19/06/2017 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
2. 04/12/2017 ലെ എറണാകുളം ഉപവിദ്യാഭ്യാസ ഡയറക്ടറുടെ എ2/450/17 നം. കത്ത്
3. 14/02/2018 ലെ പാലക്കാട്, ഉപ വിദ്യാഭ്യാസ ഡയറക്ടറുടെ എ6/688/16 നം. കത്ത്.

**ഉത്തരവ് നമ്പർ. സി3/18/2018/ഡി.പി.ഐ തീയതി: 13/04/18**

പാലക്കാട് ഉപ വിദ്യാഭ്യാസ ഡയറക്ടർ ആഫീസിലെ ഫെയർ കോപ്പി സൂപ്രണ്ടായ ശ്രീമതി. പി.കെ കമലാക്ഷി 31/01/2018 ന് സർവ്വീസിൽ നിന്നും വിരമിച്ചതായി പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

പരാമർശം (2) പ്രകാരം ശ്രീമതി എൻ. കെ ഷൈലജ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് സ്ഥാനകയറ്റം പരിത്യജിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കുവാൻ അപേക്ഷിച്ചിരുന്നു. ആയത് 10/12/2004 നം. ജി.ഒ.(പി) നം. 20/2004/പി.എൽ.ആർ.ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശ്രീമതി എൻ. കെ ഷൈലജ സ്ഥാനക്കയറ്റം പരിത്യജിച്ച കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് പിൻവലിക്കുന്നതിന് തടസ്സമില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 1986-97 ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി പട്ടികയിൽ 126-ാം റാങ്കുകാരിയായ ശ്രീമതി. എൻ.കെ ഷൈലജ യെ 1958 ലെ കെ.എസ്.& എസ്. എസ്.ആർ ഭാഗം 2 ചട്ടം 31 (എ)I പ്രകാരം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ 30700-65400 രൂപ ശമ്പള സ്കെയിലിൽ പാലക്കാട്, ഉപ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഒഴിവിലേയ്ക്ക് 01/02/2018 പ്രാബല്യത്തിൽ സ്ഥാനകയറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാക്കുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരി പുതിയ തസ്തികയിൽ പ്രവേശിച്ച് തുടർച്ചയായ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല. ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്/-

**വി. അനിൽകുമാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (ഇൻചാർജ്)**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

//അംഗീകാരത്തോടെ//

**സൂപ്രണ്ട്**

**സ്വീകർത്താവ്**

ശ്രീമതി. ഷൈലജ. എൻ.കെ (വെബ് സൈറ്റ് മുഖാന്തിരം)

**പകർപ്പ്**

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (സി.എ മുഖേന)
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
3. സൂപ്രണ്ട്, എസ്. വൈ
4. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
6. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫിസർമാർക്കും
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
8. കരുതൽ ഫയൽ